# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2926

10-05-2017 ൽ
മറുപടിയ്ക്ക്

### കേരള സർക്കാരിന്റെ പ്രസിദ്ധീകരണങ്ങളും വെബ് സൈറ്റുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്ന മാസികകൾ, ത്രൈമാസികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; അവയുടെ പേരും, പ്രസിദ്ധീകരിക്കുന്ന എണ്ണവും ഓരോ മാഗസിനും വേണ്ടിവരുന്ന ചെലവും അവയിൽ നിന്നും ലഭിക്കുന്ന വരുമാനവും വ്യക്തമാക്കുമോ;പ്രസ്തുത മാഗസിനുകൾ എന്ത് ഉദ്ദേശത്തിലാണ് പ്രസിദ്ധീകരിക്കുന്നതെന്നും ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ; | (എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് നിലവിൽ എല്ലാ മാസവും 'കേരള കോളിംഗ്' എന്ന പേരിൽ ഇംഗ്ലീഷ് മാസികയും 'സമകാലിക ജനപഥം' എന്ന പേരിൽ മലയാളം മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. ജനപഥം, കേരള കോളിംഗ് എന്നിവ 15,000 കോപ്പികൾ വീതമാണ് പ്രസിദ്ധീകരിക്കുന്നത്.<br><br>കേരള കോളിംഗ് 15,000 കോപ്പികൾ അച്ചടിക്കുന്നതിന് 2,08,687/- രൂപയും ജനപഥം 15,000 കോപ്പികൾ അച്ചടിക്കുന്നതിന് 2,24,437/- രൂപയുമാണ് ചെലവ്. നിലവിൽ 120/- രൂപ വാർഷിക വരിസംഖ്യ ഈടാക്കിയാണ് പ്രസിദ്ധീകരണങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നത്. 2016 മെയ് മുതൽ 2017 ഏപ്രിൽ വരെ സമകാലിക ജനപഥത്തിന്റെ വരിസംഖ്യയായി 30,260/- രൂപയും കേരള കോളിംഗിന് 19,400/- രൂപയും ലഭിച്ചിട്ടുണ്ട്. ഒരു വരുമാന സ്രോതസ്സ് എന്നതിൽ കവിഞ്ഞ് സർക്കാരിന്റെ പ്രധാന നയപരിപാടികളും പദ്ധതികളും ജനോപകാരപ്രദമായ മറ്റു പ്രവർത്തനങ്ങളും പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ടി മാസികകൾ പ്രസിദ്ധീകരിക്കുന്നത്. ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും, സാധാരണക്കാർക്കും ടി |

പ്രസിദ്ധീകരണങ്ങൾ പ്രയോജനപ്രദമാണ്. വരിക്കാരെ കൂടാതെ പ്രധാന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ലൈബ്രറികൾ എന്നിവയ്ക്ക് സൗജന്യമായി ടി മാസികകൾ ലഭ്യമാക്കുന്നുണ്ട്. മറ്റ് വകുപ്പുകളിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) കേരള സർക്കാർ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും വെബ് സൈറ്റുകൾ അറിയിക്കുമോ ; ഇവ നിലനിർത്തുവാൻ ഓരോ വർഷവും എത്ര തുക ചെലവാക്കുന്നുവെന്നും അവ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെ യെന്നും വ്യക്തമാക്കുമോ ;

(ബി) ഐ&പി. ആർ. ഡി. യുടെ ഔദ്യോഗിക വെബ് പോർട്ടൽ (www.prd.kerala.gov.in), ന്യൂസ് പോർട്ടലായ www.keralanews.gov.in, കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനും, ഐ&പി.ആർ വകുപ്പും സംയുക്തമായി പരിപാലിക്കുന്ന സർക്കാരിന്റെ ഔദ്യോഗിക പോർട്ടലായ www.kerala.gov.in , ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട www.sabarimala.kerala.gov.in, മന്ത്രിമാരുടെ സ്വത്ത് വിവരക്കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്ന www.pa.kerala.gov.in, അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന www.gadsplais.kerala.gov.in, 18 മന്ത്രിമാരുടെ ഔദ്യോഗിക വെബ്സൈറ്റ് എന്നിവയാണ് ഐ&പി.ആർ. വകുപ്പിന്റെ മേൽനോട്ടത്തിൽ കൈകാര്യം ചെയ്തു വരുന്നത്. ഇവയല്ലാതെ മറ്റു സർക്കാർ സ്ഥപനങ്ങളുടെയും, വകുപ്പുകളുടെയും വെബ്സൈറ്റുകൾ കൈകാര്യം ചെയ്യുന്നത് ഐ&പി. ആർ. ഡി. അല്ല. മേൽ സൂചിപ്പിച്ചിട്ടുള്ള വെബ്സൈറ്റുകൾ വഴി സർക്കാരിൽ നിന്നുള്ള ദൈനംദിന വാർത്തകൾ, ക്ഷേമ വികസന പരിപാടികളുടെ ഏറ്റവും പുതിയ വിവരങ്ങൾ, വാർഷിക പരിപാടികളുടെയും സംസ്ഥാന തലത്തിലുള്ള, ദേശീയ പ്രാധാന്യമുള്ള പരിപാടികളുടെ ലൈവ് വീഡിയോ സ്ട്രീമിംഗ്, പത്രക്കുറിപ്പുകൾ, ചിത്രങ്ങൾ, പ്രധാനപ്പെട്ട അറിയിപ്പുകൾ, ടെണ്ടറുകൾ, ക്യാബിനറ്റ് ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായ വിവരങ്ങൾ, അപേക്ഷകൾ, പൊതുജനങ്ങൾക്ക് സഹായം ലഭ്യമാക്കുന്ന വിവിധ കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ,

റിപ്പോർട്ടുകൾ, ബജറ്റ് സംബന്ധമായ വിവരങ്ങൾ എന്നിവയാണ് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ. മേൽസൂചിപ്പിച്ചിട്ടുള്ള ഐ&പി.ആർ. വകുപ്പിന്റെ മേൽനോട്ടത്തിലുള്ള വെബ്സൈറ്റുകൾക്ക് വർഷം തോറും 55 ലക്ഷം രൂപയോളം മെയിന്റനൻസ് ചെലവ് വരുന്നുണ്ട്. മറ്റു വകുപ്പുകളിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) ഒരു സർക്കാർ പോർട്ടൽ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

(സി) സർക്കാർ പോർട്ടൽ ഇപ്പോൾതന്നെ നിലവിലുണ്ട്. www.kerala.gov.in എന്ന ഔദ്യോഗിക പോർട്ടലിന്റെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്ന് വരികയാണ്.

സെക്ഷൻ ഓഫീസർ